**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2854** **12-07-2022 - ൽ മറുപടിയ്ക്ക്**

**ജലസ്രോതസ്സുകൾ പൂർണ്ണമായി മാലിന്യ മുക്തമാക്കുന്നതിന് ചെലവായ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ സർക്കാർ കാലയളവിൽ എത്ര ജലസ്രോതസ്സുകൾ പൂർണ്ണമായി മാലിന്യ മുക്തമാക്കി; അതിന് എത്ര തുക വീതം ചെലവഴിച്ചുവെന്ന് ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ? | (എ) | കഴിഞ്ഞ സർക്കാർ കാലയളവിൽ പൂർണ്ണമായി മാലിന്യമുക്തമാക്കിയ ജലസ്രോതസ്സുകളും ചെലവഴിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ജലസേചന വകുപ്പിന് കീഴിൽ പുനരുദ്ധാരണ പ്രവൃത്തിയിലൂടെ മാലിന്യമുക്തമാക്കിയ ജലസ്രോതസ്സുകളായ കുളങ്ങൾ, ചെറുസംഭരണികൾ, തോടുകൾ, ചെറു പുഴകൾ എന്നിവയെ സംബന്ധിച്ച് ലഭ്യമായ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | ജലസ്രോതസ്സുകളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|
| 1. | തിരുവനന്തപുരം | 47 | 327.87 |
| 2. | കൊല്ലം | 55 | 310.34 |
| 3. | പത്തനംതിട്ട | 50 | 412.98 |
| 4. | ആലപ്പുഴ | 34 | 600.64 |
| 5. | ഇടുക്കി | 201 | 178.04 |
| 6. | കോട്ടയം | 15 | 66.68 |
| 7. | എറണാകുളം | 68 | 269.22 |
| 8. | തൃശൂർ | 59 | 436.09 |
| 9. | പാലക്കാട് | 27 | 334.05 |
| 10. | മലപ്പുറം | 13 | 122.12 |
| 11. | കോഴിക്കോട് | 22 | 288.50 |
| 12. | കണ്ണൂർ | 4 | 100.58 |
| 13. | വയനാട് | 8 | 144.29 |
| 14. | കാസർഗോഡ് | 12 | 188.67 |

ഹരിതകേരളം മിഷന്റെ ഭാഗമായി വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ 412 കി.മീ നദികളും 45736 കി.മീ തോടുകളും 26259 കുളങ്ങളും മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ വാണിമേൽ പുഴയിൽ നിന്ന് ചെളിയും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യുന്ന 2 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള ബണ്ടിന്റെ മുകളിൽ നിന്ന് ചെളി നീക്കാനായി 1 കോടി രൂപയ്ക്ക് സ്റ്റേറ്റ് പ്ലാൻ 2019-20 വിഭാഗത്തിൽ ഭരണാനുമതി നൽകുകയുണ്ടായി. അതുപ്രകാരം പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞു. ടി ബണ്ടിന്റെ താഴെ ഭാഗങ്ങളിലും ഇരുകരകളിൽ നിന്നുമായി ചെളിയും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യാനായി സ്റ്റേറ്റ് പ്ലാൻ 2020-21 വിഭാഗത്തിൽ 40 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. അതു പ്രകാരം പ്രവൃത്തി നടന്നു വരുന്നു.

വയനാട് ജില്ലയിൽ ഈ വർഷത്തെ വരൾച്ച ആശ്വാസ പദ്ധതി വഴി മൊത്തം 32 ലക്ഷം രൂപ വകയിരുത്തിയ 5 പദ്ധതികൾ വഴി വിവിധ ജലസ്രോതസ്സുകളിലെ intake well കളും, ബണ്ടുകളും മറ്റും ചെളിയും മാലിന്യങ്ങളും നീക്കി ശുചീകരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 2 പ്രവൃത്തികൾക്കായി ജല സ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിനായി 2,68,171 രൂപ ചിലവഴിച്ചിട്ടുണ്ട്.

കുട്ടനാട് പാക്കേജിന്റെ കീഴിൽ എസ്.ഡി.ആർ.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ 240.34 ലക്ഷം രൂപ ചെലവഴിച്ച് 49 ഡീസിൽറ്റിങ് പ്രവൃത്തികളും കോട്ടയം ജില്ലയിൽ 121.6 ലക്ഷം രൂപ ചെലവഴിച്ച് 19 ഡീസിൽറ്റിങ് പ്രവൃത്തികളും പ്ലാൻ സ്കീമിൽ ആലപ്പുഴ ജില്ലയിൽ 231.68 ലക്ഷം രൂപ ചെലവഴിച്ച് 22 ഡീസിൽറ്റിങ് പ്രവൃത്തികളും കോട്ടയം ജില്ലയിൽ 53.20 ലക്ഷം രൂപ ചെലവഴിച്ച് 15 ഡീസിൽറ്റിങ് പ്രവൃത്തികളും ചെയ്തിട്ടുണ്ട്.

പദ്ധതിവിഭാഗം 2- ന്റെ കീഴിൽ വിവിധ പദ്ധതികൾക്കായി ബഡ്ജറ്റിൽ ഓരോ വർഷവും അനുവദിക്കുന്ന തുകയ്ക്കനുസരിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കി ജലസേചന കനാലുകളുടെ വാർഷിക അറകുറ്റപ്പണികളും പുനരുദ്ധാരണ പ്രവൃത്തികളും ശുചീകരണ പ്രവൃത്തികളും സമയബന്ധിതമായി നടത്തി കാര്യക്ഷമമായ ജലവിതരണം സാധ്യമാക്കുന്നു. Operation Break Through പദ്ധതിയിൽ ഉൾപ്പെടുത്തി നാല് പ്രവൃത്തികൾക്ക് 1,97,68,550/- രൂപ ചെലവഴിച്ച് ചങ്ങാടം പോക്ക് തോടിന്റെ ഭാഗങ്ങൾ മാലിന്യമുക്തമാക്കിയിരുന്നു.